ഭൂമി ക്രയ-വിക്രയം

257(3182) ശ്രീ: രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബന്ധുക്കൾ തമ്മിലുള്ള ഭൂമി ക്രയവിക്രയത്തിന് നിശ്ചയിച്ചിരുന്ന സ്റ്റാമ്പ് ഡ്യൂട്ടിയിലുള്ള 1000 രൂപയുടെ പരിധി മാറ്റിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ മാറ്റാനുണ്ടായ കാരണം വ്യക്തമാക്കുമോ ;

(ബി) ബന്ധുക്കൾ തമ്മിലുള്ള ക്രയവിക്രയത്തിൽ ഉൾപ്പെട്ട ഭാഗപത്രം, ഇഷ്ടദാനം, ഒഴിമുറി, ധനനിശ്ചയം എന്നിവയുടെ സ്റ്റാമ്പ് ഡ്യൂട്ടി എന്തിന്റെ അടിസ്ഥാനത്തിലാണ് ഉയർത്തിയിരിക്കുന്നത് ; ഇപ്പോൾ ഇതിന് എന്തെങ്കിലും പരിധിയുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വിശദീകരിക്കാമോ ;

(സി) സ്റ്റാമ്പ് ഡ്യൂട്ടി ഉയർത്തിയതുപോലെ ഇത്തരത്തിൽ ബന്ധുക്കൾ തമ്മിലുള്ള ക്രയവിക്രയത്തിന് രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; എന്തെങ്കിലും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ ഇത് വർദ്ധിപ്പിച്ചിരിക്കുന്നത് ; ആണെങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. കുടുംബാംഗങ്ങൾ തമ്മിലുള്ള ആധാരങ്ങൾക്ക് 2011 മുതൽ നാളിതുവരെ നൽകിയ പ്രത്യേക ഇളവുകൾമൂലം സർക്കാരിന്റെ റവന്യു വരുമാനത്തിൽ ഗണ്യമായ കുറവ് വന്ന സാഹചര്യത്തിൽ, സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പരിധി മാറ്റിയിട്ടുള്ളത്.

(ബി) സ്റ്റാമ്പ് ഡ്യൂട്ടി ഉയർത്തിയിട്ടില്ല. കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ഒഴിമുറി എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി 1% എന്നതിനു വിധേയമായി പരമാവധി 1000 രൂപയും, ദാനം, ധനനിശ്ചയം. എന്നിവയ്ക്ക് വിലയുടെ 2% എന്നതിനു വിധേയമായി പരമാവധി 1000 രൂപ എന്നിങ്ങനെയാണ് നിലവിലുണ്ടായിരുന്നത്.

ഇവയിൽ ഭാഗപത്രം, ഒഴിമുറി എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി പരമാവധി 1000 രൂപ എന്നത് ഒഴിവാക്കി വിലയുടെ 1%, ദാനം, ധനനിശ്ചയം എന്നിവയ്ക്ക് പരമാവധി 1000 രൂപ എന്നത് ഒഴിവാക്കി വിലയുടെ 2%, എന്നിങ്ങനെ ഭേദഗതി വരുത്തുകയാണുണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) രജിസ്ട്രേഷൻ ഫീസ് ഉയർത്തിയിട്ടില്ല. കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ദാനം, ഒഴിമുറി, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് വിലയുടെ 1% എന്നതിനു വിധേയമായി പരമാവധി 25,000 രൂപ ആയിരുന്നത്, 25,000 രൂപ എന്ന പരിധി ഒഴിവാക്കി വിലയുടെ 1% ആയി ഭേദഗതി വരുത്തുകമാത്രമാണ് ചെയ്തിട്ടുള്ളത്.

ഇളവ് അനുവദിച്ചതു മൂലം സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പരിധി മാറ്റിയിട്ടുള്ളത്.

ആധാരം എഴുത്ത് മേഖലയിൽ അശാസ്ത്രീയമായ കമ്പ്യൂട്ടർവൽക്കരണം

258(3183) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധാരം എഴുത്ത് മേഖലയിൽ പുതിയതായി ഏർപ്പെടുത്തിയ അശാസ്ത്രീയമായ കമ്പ്യൂട്ടർവൽക്കരണവും ഓൺലൈൻ സമ്പ്രദായവും ഇവരുടെ തൊഴിലിനെ ബാധിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ കുടുംബങ്ങളെ വഴിയാധാരമാക്കുന്ന പരിഷ്കാരത്തിൽ നിന്നും പിന്തിരിയാൻ സർക്കാർ ശ്രമിക്കുമോ ;

(സി) കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് എത്ര തുകയാണ് കഴിഞ്ഞ വർഷങ്ങളിൽ ചെലവഴിച്ചിട്ടുള്ളത് ; ഏത് ഏജൻസിയാണ് ഇത് ഏറ്റെടുത്ത് നടത്തുന്നത് ?

ഉത്തരം

(എ) രജിസ്ട്രേഷൻ വകുപ്പിൽ ഏർപ്പെടുത്തിയ കമ്പ്യൂട്ടർവൽക്കരണ പരിപാടികൾ ആധാരമെഴുത്ത് ലൈസൻസികളുടെ തൊഴിലിനെ ബാധിക്കുമെന്നുള്ള ചില പരാതികൾ ആധാരമെഴുത്ത് ലൈസൻസികളിൽ നിന്നും ആധാരമെഴുത്ത് ലൈസൻസികളുടെ സംഘടനകളിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ബി) രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഇടപാടുകൾ പൂർണ്ണമായി ഓൺലൈൻ പദ്ധതിയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. രജിസ്ട്രേഷൻ വകുപ്പിൽ ആധാരം എഴുത്തുകാരുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ടുള്ള പരിഷ്കാരങ്ങളാണ് നടപ്പിലാക്കി വരുന്നത്. രജിസ്ട്രേഷൻ സംബന്ധമായ സേവന പ്രദാനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly